# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 945 07.02.2013 -ൽ മറുപടിക്ക്.

### സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്കും അനുബന്ധ ജോലിക്കാർക്കും അവർക്ക് അർഹപ്പെട്ട മിനിമം വേതനം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിൽ എല്ലാ സ്വകാര്യ ആശുപത്രികളിലെയും ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ട് എന്നു ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. അത് ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. |
| (സി) മിനിമം വേതനം ലഭ്യമാക്കാത്ത ഏതെങ്കിലും സ്വകാര്യ ആശുപത്രിയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) മിനിമം വേതനം നടപ്പാക്കാത്ത സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും, പ്രോസിക്യൂഷനുകളും ഫയൽ ചെയ്യുന്നുണ്ട്. തൊഴിൽ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ 248 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ, പ്രോസിക്യൂഷൻ എന്നിവ ഉൾപ്പെടെയുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.